Score

**1 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.**
**1 സ്കോർ വീതം.** **(8×1=8)**

**1.** 1921 ന് മുമ്പ് വരെ ഇന്ത്യ ജനസംഖ്യ പരിവർത്തനത്തിൽ എത്രാമത്തെ ഘട്ടത്തിൽ ആയിരുന്നു ?

a) ഒന്നാം ഘട്ടം

b) രണ്ടാം ഘട്ടം

c) മൂന്നാം ഘട്ടം

d) ഇവയൊന്നുമല്ല

**2.** ഇന്ത്യയിൽ സ്വാതന്ത്ര്യം കിട്ടിയതിനുശേഷം കാർഷിക മേഖലയിൽ തുല്യത ഉയർത്തുന്നതിന് സർക്കാർ നടപ്പിലാക്കിയത്

a) സ്വയംപര്യാപ്തത

b) ഭൂപരിഷ്കരണം

c) ആധുനിക സാങ്കേതികത

d) വൈവിധ്യവൽക്കരണം

**3.** പുത്തൻ സാമ്പത്തിക നയം [NEP] ഇന്ത്യയിൽ അംഗീകരിച്ച വർഷം

a) 1981

b) 1991

c) 1947

d) 1990

Score

4. താഴെ പറയുന്നവയിൽ ശരിയായ ഉത്തരം എടുക്കുക.

a) തല-എണ്ണൽ അനുപാതം (HCR) = $\frac{\text{പാവപ്പെട്ടവരുടെ എണ്ണം}}{\text{മൊത്തം ജനസംഖ്യ}} \times 100$

b) തല-എണ്ണൽ അനുപാതം (HCR) = $\frac{\text{മൊത്തം ജനസംഖ്യ}}{\text{പാവപ്പെട്ടവരുടെ എണ്ണം}} \times 100$

c) തല-എണ്ണൽ അനുപാതം (HCR) = $\frac{\text{ദരിദ്രർ അല്ലാത്തവരുടെ എണ്ണം}}{\text{മൊത്തം ജനസംഖ്യ}} \times 100$

d) തല-എണ്ണൽ അനുപാതം (HCR) = $\frac{\text{മൊത്തം ജനസംഖ്യ}}{\text{ദരിദ്രർ അല്ലാത്തവരുടെ എണ്ണം}} \times 100$

5. താഴെ പറയുന്നവരിൽ താൽക്കാലിക കൂലി തൊഴിലാളികളിൽ വരുന്നവർ

a) നിർമ്മാണ തൊഴിലാളികൾ

b) ഷോപ്പ് ഉടമ

c) സിവിൽ എഞ്ചിനീയർ

d) അദ്ധ്യാപകൻ

6. 'മനുഷ്യരുടെ സാധാരണ ജീവിത വ്യവഹാരത്തെക്കുറിച്ചുള്ള പഠനമാണ് സാമ്പത്തികശാസ്ത്രം' എന്ന് പറഞ്ഞതാര് ?

a) ആഡംസ്മിത്ത്

b) ആൽഫ്രഡ് മാർഷൽ

c) ജെ. എം. കെയിൻസ്

d) ദാദാബായി നവറോജി

Score

7. ചോദ്യങ്ങൾ ചെറിയൊരു ഗ്രൂപ്പിൽ മുൻ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനെ പറയുന്നത്

a) സാമ്പിൾ സർവ്വെ

b) പൈലറ്റ് സർവ്വെ

c) ജനസംഖ്യ സർവ്വെ

d) പ്രാഥമിക ഡാറ്റ

8. സമയത്തിന്റെ അടിസ്ഥാനത്തിൽ ദത്തങ്ങളെ തരംതിരിക്കുന്നതിനെ

a) ഭൂമിശാസ്ത്രപരമായി

b) പരിണാത്മകം

c) ഗുണാത്മകം

d) കാലികം

9. ഹിസ്റ്റോഗ്രാം ഉപയോഗിച്ച് അവതരിപ്പിക്കപ്പെട്ട ദത്തങ്ങളിൽ നിന്നും കണ്ടെത്തുന്നത്

a) മാധ്യം

b) ബഹുലകം

c) മധ്യാങ്കം

d) ഇവയെല്ലാം

10. ഗുണപരമായ അളവിന് അനുയോജ്യമായ ശരാശരി ഏത് ?

a) മാധ്യം

b) മധ്യാങ്കം

c) ബഹുലകം

d) സൂചകാങ്കം

**11 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(4×2=8)**

11. ബ്രിട്ടീഷ് ഭരണകാലത്ത് ദേശിയ വരുമാന കണക്കെടുപ്പ് നടത്തിയ നാല് സാമ്പത്തിക ശാസ്ത്രജ്ഞരുടെ പേരുകൾ എഴുതുക.

12. ഗവണ്മെന്റിന്റെ വിദ്യാഭ്യാസത്തിലുള്ള വളർച്ചയുടെ ചിലവിനെ കുറിച്ച് ഒരു നോട്ട് തയ്യാറാക്കുക.

13. തൊഴിൽ ശക്തിയുടെ താൽക്കാലികവൽക്കരണത്തെ നിർവ്വചിക്കുക.

14. ദ്വിചര ആവൃത്തി വിതരണത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

15. താഴെ പറയുന്നവ ഉപയോഗിച്ച് ഒരു അരിത്തമാറ്റിക് ലൈൻ ഗ്രാഫ് (ഗണിത രേഖ ഗ്രാഫ്) വരയ്ക്കുക.

| വർഷം | കയറ്റുമതി |
|---|---|
| 2009 – 2010 | 500 |
| 2010 – 2011 | 700 |
| 2011 – 2012 | 840 |
| 2012 – 2013 | 900 |
| 2013 – 2014 | 1000 |

**16 മുതൽ 20 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4×3=12)**

16. ബ്രിട്ടീഷ് ഭരണകാലത്ത് നടപ്പിലാക്കിയ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കുക.

17. ലോകവ്യാപാര സംഘടനയെക്കുറിച്ച് (WTO) ഒരു ചെറിയ നോട്ട് തയ്യാറാക്കുക.

Score

18. മനുഷ്യ മൂലധനത്തിന്റെ ഉറവിടങ്ങൾ എന്തെല്ലാം ?

19. ഒരു കമ്പോളത്തിലോ, ബസ്സ്റ്റാന്റിലോ നടക്കുന്ന പ്രവർത്തനങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക. ഇവയിൽ എത്ര എണ്ണം സാമ്പത്തിക പ്രവർത്തനങ്ങളാണ് ?

20. ഒരു പട്ടികയുടെ ഭാഗങ്ങൾ സൂചിപ്പിക്കുക.

**21 മുതൽ 25 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**4 സ്കോർ വീതം.** **(4×4=16)**

21. 1956-ലെ വ്യവസായ നയപ്രമേയത്തെക്കുറിച്ച് ഒരു നോട്ട് തയ്യാറാക്കുക. (IPR 1956).

22. ദാരിദ്ര്യത്തിനുള്ള കാരണങ്ങൾ എന്തെല്ലാം ? 4 എണ്ണം വിവരിക്കുക.

23. a) ഏതെങ്കിലും രണ്ട് തരത്തിലുള്ള തൊഴിൽ ഇല്ലായ്മ സൂചിപ്പിക്കുക.
    b) തൊഴിലില്ലായ്മയുടെ ഡാറ്റ ലഭിക്കുന്ന 2 ഉറവിടങ്ങൾ ഏതെല്ലാം ?

24. നിങ്ങളുടെ പ്രദേശത്തെ ആളുകളുടെ ജീവിത നിലവാരത്തെ കുറിച്ച് അറിയുന്നതിനുള്ള സർവ്വെ നടത്തുന്നതിനായി 8 ചോദ്യങ്ങൾ തയ്യാറാക്കുക.

25. ബഹുലകം (മോഡ്) കാണുക.

| ക്ലാസ്സ് | ആവൃത്തി |
|---|---|
| 10 – 15 | 4 |
| 15 – 20 | 8 |
| 20 – 25 | 18 |
| 25 – 30 | 30 |
| 30 – 35 | 20 |
| 35 – 40 | 10 |
| 40 – 45 | 5 |
| 45 – 50 | 2 |

Score

**26 മുതൽ 30 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.**

**(4×5=20)**

26. താഴെപ്പറയുന്നവയുടെ ചെറിയകുറിപ്പ് തയ്യാറാക്കുക.

a) ഭൂപരിഷ്കരണം

b) ഹരിതവിപ്ലവം.

27. ഇന്ത്യയിലെ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളെ വിശദമാക്കുക.

28. a) സെൻസസ് സർവ്വെയും സാംപിൾ സർവ്വെയും വിശദമാക്കുക.

b) ഗുണങ്ങളും ദോഷങ്ങളും ചൂണ്ടികാണിക്കുക.

29. ഒരു ആവൃത്തി പട്ടിക തയ്യാറാക്കുക. എക്സ്ക്ലൂസീവ് രീതി ഉപയോഗിക്കുക, ക്ലാസ് പരിധി 10.

0, 5, 6, 7, 5, 0, 11, 16, 19, 5, 20, 24, 29, 30, 7, 29, 24, 39, 40, 50, 50, 46, 48, 0, 10.

30. ലെസ് ദാൻ ഒജീവ് (ലഘുസഞ്ചിതാവൃത്തി) മോർ ദാൻ ഒജീവ് (ഗുരു സഞ്ചിതാവൃത്തി) വരയ്ക്കുക.

| മാർക്ക് | കുട്ടികളുടെ എണ്ണം |
|---|---|
| 0 – 20 | 7 |
| 20 – 40 | 4 |
| 40 – 60 | 30 |
| 60 – 80 | 14 |
| 80 – 100 | 7 |

Score

**31 മുതൽ 33 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**
**8 സ്കോർ വീതം.** **(2×8=16)**

31. ഇന്ത്യയിൽ നടപ്പിലാക്കിയ പുത്തൻ സാമ്പത്തിക നയങ്ങളെക്കുറിച്ച് വിവരിക്കുക.

32. a) ഗ്രാമീണ വികസനം എന്നാൽ എന്ത് ?

b) ഗ്രാമീണ വികസനത്തിൽ വായ്പയുടെ പങ്കിനെയും കാർഷിക വിപണന സംവിധാനത്തിന്റെ വികസനത്തെക്കുറിച്ചും വിശദീകരിക്കുക.

33. മാധ്യം (ശരാശരി) മാധ്യകം (മീഡിയൻ) എന്നിവ കാണുക.

| ക്ലാസ്സ് | ആവൃത്തി |
|---|---|
| 0 – 10 | 2 |
| 10 – 20 | 8 |
| 20 – 30 | 10 |
| 30 – 40 | 5 |
| 40 – 50 | 20 |
| 50 – 60 | 5 |
| 60 – 70 | 3 |
| 70 – 80 | 17 |